(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി:12.03.2019
ph:04862 227332
Email:doidk.ksad@kerala.gov.in

നം.കെ.എസ്.എ-ഐ.ഡി.കെ-9/60/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉപ്പുതറ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- ഉപ്പുതറ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും ഭാഗം 3ലേയും ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി,തൊടുപുഴ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-6/60/2019 തീയതി:12.03.2019

## ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക

## വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.06.2017 മുതൽ 21.01.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.01.2019 മുതൽ 29.01.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ധനജയൻ.റ്റി.എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ലേഖ. വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനിറ്റ പി സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സജിമോൻ ടൈറ്റസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി. രേഖ എം.കെ | 01.04.2017 മുതൽ 20.12.2017 വരെയും |

| | | |
|---|---|---|
| | | 11.01.2018 മുതൽ 01.02.2018 വരെയും<br>12.02.2018 മുതൽ 28.02.2018വരെയും<br>10.03.2018 മുതൽ 31.03.2018 വരെയും |
| | ശ്രീ. ബ്രൈറ്റ് മോൻ പി<br>അസി.സെക്രട്ടറി (അധിക ചുമതല) | 21.12.17 മുതൽ10.01.2018 വരെയും<br>02.02.2018 മുതൽ 11.02.2018 വരെയും<br>01.03.2018 മുതൽ 09.03.2018 വരെയും |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ബിനുമോൻ കെ. കെ | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ശ്രീ. രഘുനാഥൻ ബി | 01/04/2017 മുതൽ 31/03/2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ലളിത പി എസ് | 01/04/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ. | ശ്രീ. മാത്യൂ പി. സി | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ. കെ. ഇ സെബാസ്റ്റ്യൻ | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.അശ്വതി. കെ | 01/04/2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. ആദർശ്. പി | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീ. അനിൽകുമാർ. എസ് | 01.04.2017 മുതൽ 03.07.2017 വരെ |
| | ഒഴിവ് | 04.07.2017 മുതൽ 18.07.2017 വരെ |
| | ശ്രീ. രാജേഷ് പി.പി | 19.07.2017 മുതൽ 04.12.2017 വരെ |
| | ശ്രീ. ബ്രൈറ്റ് മോൻ. പി | 04.12.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക | ഭാഗം- 1 പൊതുഅവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |

| | | |
|---|---|---|
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വേരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം- II വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | രസീത് ബുക്കുകൾ പ്രകാരം ഈടാക്കുന്ന ഗുണഭോക്തൃ വിഹിതം യഥാസമയം ഗ്രാപഞ്ചായത്തിൽ ഒടുക്കുന്നില്ല. |
| 14 | 2-2 | വസ്തു നികുതി – ഗണ്യമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. |
| 15 | 2-3 | പഞ്ചായത്ത് വക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല - വരുമാനം നഷ്ടമാകുന്നു. |
| 16 | 2-4 | തൊഴിൽ നികുതി ഈടാക്കുന്നില്ല – വരുമാനം നഷ്ടമാകുന്നു. |
| 17 | 2-5 | വാടക –കുടിശ്ശിക ഡിമാന്റ് പുനക്രമീകരിച്ചു. |
| ഭാഗം-III ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | 3-1 | വനിതകൾക്ക് കറവപ്പശുവിന് സബ്സിഡി – അപാകതകൾ - നിരാകരണം-₹24000/-, തടസം - ₹3906000/- |
| 19 | 3-2 | വിവിധ അംഗൻവാടികൾ,മുത്തൻപടി സാംസ്കാരിക നിലയം വയറിംഗ് - അധിക തുക നൽകിയിരിക്കുന്നു. |

| | | |
|---|---|---|
| 20 | 3-3 | പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ലാത്ത ചെലവ് നടത്തിയിരിക്കുന്നു |
| 21 | 3-4 | പകർച്ചവ്യാധി നിയന്ത്രണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 22 | 3-5 | അംഗൻവാടി പോഷകാഹാരം-ഭക്ഷ്യധാന്യങ്ങൾ കൂടിയനിരക്കിൽവാങ്ങിയത് |
| 23 | 3-6 | ഭവനനിർമ്മാണപദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 24 | 3-7 | മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -ഭരണചെലവുകൾക്ക് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല |
| 25 | 3-8 | എസ്. എസ്.എ ഡിമാന്റ് നോട്ടീസ് ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| 26 | 3-9 | പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ -ഇൻസ്റ്റാൾ ചെയ്തില്ല. |
| ഭാഗം-IV ഓഡിറ്റ് പ്രത്യവലോകനം | | |
| 27 | 4-1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 28 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 29 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 30 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 31 | 4-5 | സ്ഥിര നിക്ഷേപം |
| 32 | 4-6 | ഓഡിറ്റ് റിക്കവറി |
| 33 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 34 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 35 | 4-9 | ഓഡിറ്റ് പ്രത്യവലോകനം. |
| 36 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 37 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 38 | അനുബന്ധം-2 | ഓഡിറ്റ് സ്റ്റേറ്റ്മെന്റ് |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017-ലെ നമ്പർ 1 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രാരംഭ ബാക്കി ₹2148561/- പ്രതീക്ഷിത വരവ് ₹109694500/-ഉം ചെലവ് ₹110861000/-ഉം നീക്കിയിരിപ്പ് ₹982061/-ഉം ആണ്. റിവൈസ്ഡ്- 21.3.18 പ്രാരംഭ ബാക്കി ₹16972004/- വരവ് ₹165108596/- ചെലവ് ₹174817942/- നീക്കിയിരിപ്പ് ₹7262658/- 27.3.17-ലെ ബജറ്റ് പ്രകാരം പ്രാരംഭബാക്കി ₹2148561/- ആയിരുന്നു. എന്നാൽ ബജറ്റ് റിവൈസ് ചെയ്യപ്പോൾ പ്രാരംഭബാക്കി ₹16972004/- എന്നാണ് കാണിച്ചിരിക്കുന്നത്. തുകയിൽ ₹14823443/- വ്യത്യാസമാണ് ഉണ്ടായിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 05.05.2018 | - | - |

## 1-3 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| ഓഡിറ്റ് വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11 & 12.06.2018 | കെ.എസ്.എ.-ഐ.ഡി.കെ.3/677/2018<br>(43)<br>തീയതി 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 24271888/- |
| വരവ് | ₹ 119416936/- |
| ആകെ | ₹143688824/- |
| ചെലവ് | ₹ 125077891/- |
| നീക്കിയിരിപ്പ് | ₹ 18610933 /- |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | | 0 | 29157000 | 29157000 | 25285923 | 3871077 |
| വികസനഫണ്ട് – എസ്.സി.പി. | | 0 | 9395259 | 9395259 | 6922070 | 2473189 |
| വികസനഫണ്ട് – ടി.എസ്.പി. | | 0 | 6433386 | 6433386 | 5556746 | 876640 |
| സംരക്ഷണഗ്രാന്റ്-റോഡ് | | 0 | 25124000 | 25124000 | 25037022 | 86978 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 5823000 | 5823000 | 4963824 | 859176 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 13693687 | 13693687 | 13683100 | 10587 |
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) | | 0 | 774075 | 774075 | 774075 | 0 |
| ബി-ഫണ്ട് | | 0 | 48943420 | 48943420 | 48943420 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | 0 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | | | 0 | 0 | 0 |
| തൊഴിലാളികളുടെ കൂലി | | | 22980850 | 22980850 | 22980850 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | NREGA FB | 18962 | 862448 | 881410 | 878946 | 2464 |
| ഐ.സി.ഡി. എസ്. | TSB | 1157446 | 1181538 | 2338984 | 1200000 | 1138984 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (ടോട്ടൽ സാനിറ്റേഷൻ) | KGB | 225495 | 242253 | 467748 | 51720 | 416028 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (ശുചിത്വ മിഷൻ) | KGB | 26073 | 4751100 | 4777173 | 4777173 | 0 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (320100199) | IDCB | 216241 | 0 | 216241 | 0 | 216241 |
| ഡെപ്പോസിറ്റ് | | 1462709 | 435205 | 1897914 | 204416 | 1693498 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (320300199) | IDCB | 256014 | 0 | 256014 | 0 | 256014 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (320400199) | IDCB | 87240 | 0 | 87240 | 0 | 87240 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (എം.എൽ.എ. ഫണ്ട്) | | 0 | 425007 | 425007 | 425007 | 0 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (കുടിവെള്ള പദ്ധതി) | TSB | 0 | 500000 | 500000 | 0 | 500000 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (കേരളോൽസവം) | | 0 | 20000 | 20000 | 20000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | TSB | 0 | 1100000 | 1100000 | 0 | 1100000 |
| ബ്ലോക്ക്പഞ്ചായത്ത് Jawahar interest | IDCB | 0 | 127253 | 127253 | 0 | 127253 |
| ജവഹർ | | 0 | 40000 | 40000 | 0 | 40000 |
| ദുരിതാശ്വാസ നിധി | | 28302 | 0 | 28302 | 0 | 28302 |
| ഗുണഭോക്തൃവിഹിതം | IDCB | 180740 | 1659646 | 1840386 | 1657860 | 182526 |
| ജനറൽ പർപ്പസ്ഗ്രാന്റ് -ട്രഷറി | TSB | | 10529000 | 10529000 | 10529000 | 0521894 |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ട് | | | | | | |
| ട്രഷറി അക്കൗണ്ട് | TSB | 8794640 | 10529000 | 19323640 | 20213432 | (-)1198254 |
| തനത് ഫണ്ട് ബാങ്ക് | | 11790353 | 14927819 | 26718172 | 12828024 | 13890148 |
| ക്യാഷ് | | 27943 | | | | 130489 |
| | | 24271888 | | | | 18610933 |

കുറിപ്പ്:-

ട്രഷറി നീക്കിയിരിപ്പ് ₹1540730/- ൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി നിക്ഷേപിച്ച ഐ.സി.ഡി.എസ്- ₹1138984/- കുടിവെള്ള പദ്ധതി ₹500000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹110000/- എന്നിവ കുറവ് ചെയ്തിട്ടുണ്ട്. (1540750-1138984-500000-1100000 = 1198254) ബാങ്ക് നീക്കിയിരിപ്പിൽ ₹16481222/- നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി നിക്ഷേപിച്ച ₹216241/-, ₹1693498/-, ₹256014/-, ₹87240/-, ₹127253/-, ₹182526/-, ₹28302/- ആകെ ₹2591074/- കുറവ് ചെയ്തിട്ടുണ്ട്. (₹16481222-2591077 = 13890148) ട്രഷറി മുന്നിരിപ്പിൽ ₹9952086 നിന്നും ₹1157446/- കുറവ് ചെയ്തിട്ടുണ്ട്. ബാങ്ക് മുന്നിരിപ്പിൽ നിന്നും (₹14021599) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി നിക്ഷേപിച്ച ₹216241/- ₹1462709/-, ₹256014/-, ₹87240/-, ₹28302/-, ₹180740/- ആകെ ₹2231246/- കുറവ് ചെയ്തിട്ടുണ്ട്. (14021599-2231246 = ₹11790353)

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 284 | 139465883 | 179 | 86718308 | 0 | 105 | 63.03 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22980850 | 22980850 | 22980850 | 0 |
| ഭരണചെലവുകൾ | 18962 | 862448 | 881410 | 878946 | 2464 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20160 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 904000 | 85 |
| വിധവാപെൻഷൻ | 13387600 | 1177 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 30392100 | 2743 |
| വികലാംഗപെൻഷൻ | 3605600 | 337 |
| 50 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 189000 | 21 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2019 ന് സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2751/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ തൻവർഷത്തെ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമായിരുന്നു. ജീവനക്കാരുടെ പെൻഷൻ രജിസ്റ്റർ, ക്ഷേമപെൻഷൻ രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ യഥാവിധി പരിപാലിക്കുന്നുണ്ട്. എന്നാൽ വാർഷിക കണക്കിൽ അപാകതയുണ്ടായിട്ടുണ്ട്. ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ആനുകാലികമാക്കിയിട്ടില്ല. സൂചിക സോഫ്റ്റ് വെയറിൽ തപാലുകൾ ലഭിക്കുമ്പോൾ മുതൽ തീർപ്പാക്കുന്നതുവരെ നടപടിക്രമങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നില്ല. രസീതുബുക്കുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകതയുണ്ടായിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2018 | 10/2018 | 16.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.4.2015 മുതൽ 4.5.2015 വരെ | 2010-11 മുതൽ 2014-15 വരെ | 06.07.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ.

1. 2016-17 വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ പ്രാകാരം IDCB Own Fund LB-1 നീക്കിയിരിപ്പ് ₹ 11926652/- ആണ്. എന്നാൽ 2017-18 വാർഷിക കണക്കിൽ ഈ ബാങ്ക് അക്കൗണ്ടിന്റെ മുന്നിരിപ്പ് ₹12574885/- ആണ്.
2. ജവഹർ ഭവന പദ്ധതിക്കായി IDCB ബാങ്കിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പില്ല. എന്നാൽ വാർഷിക കണക്കിൽ നീക്കിയിരിപ്പായി ₹40000/- [RP-40(B)] ഉൾപ്പെടുത്തിയിരിക്കുന്നു.
3. വസ്തു നികുതിയുടെ ഡി സി ബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4. കിട്ടാക്കടങ്ങൾ എഴുതിത്തള്ളുന്നതിന് പ്രോവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

5. ഡെപ്പോസിറ്റ്, ഇ.എം.ഡി എന്നിവയുടെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

6. പാർട്ട് ബില്ലുകളുടെ തുക Capital Work in Progress എന്ന് ശീർഷകത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. ആസ്തി രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീത് ബുക്കുകൾ പ്രകാരം ഈടാക്കുന്ന ഗുണഭോക്തൃ വിഹിതം യഥാസമയം ഗ്രാപഞ്ചായത്തിൽ ഒടുക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി കൈപ്പറ്റിയ രസീതു ബുക്കുകൾ പരിശോധിച്ചതിൽ താഴെ വ്യക്തമാക്കുന്ന അപാകതകൾ കാണുന്നു.

- രസീത് ബുക്കുകളിൽ എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.
- ബുക്ക് നം 38, 39, 41, 43, 44, 45 എന്നിവയിൽ പണം പിരിക്കുന്ന വേളയിൽ തീയതി രേഖപ്പെടുത്തിയിരുന്നില്ല. ആയതിനാൽ രസീത് ബുക്കുകൾ പ്രകാരം ഗുണഭോക്തൃ വിഹിതം എന്നാണ് ഈടാക്കിയതെന്ന് വ്യക്തമല്ല.
- രസീത് ബുക്ക് നം. 44, 45 എന്നിവ പ്രകാരം പിരിച്ച തുക യഥാക്രമം ₹25000/- (നം.1 മുതൽ 100 വരെ) ₹12500/- (നം 1 മുതൽ 50 വരെ) എന്നിവ പഞ്ചായത്തിൽ ഒടുക്കിയിരുന്നില്ല. തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ തുകകൾ എന്നാണ് പിരിച്ചതെന്ന് വ്യക്തമല്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മേൽ രസീത് ബുക്കുകൾ ഉപയോഗിച്ച് പിരിച്ച ഗുണഭോക്തൃ വിഹിതം 24.1.2019 ൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്തി.

രസീതികളിൽ തീയതി രേഖപ്പെടുത്താതെ പണം ഈടാക്കി കൈവശം സൂക്ഷിക്കുന്നത് താല്ക്കാലിക പണാപഹരണത്തിന് തുല്യമാണ്. ഇപ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ച് താല്ക്കാലിക പണാപഹരണം നടത്തിയ വെറ്ററിനറി സർജനെതിരെ വകുപ്പുതല അന്വേഷണം നടത്തണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. ആയതിനാൽ രസീത് ബുക്കുകളിൽ എണ്ണൽ സാക്ഷ്യപത്രം, തുക ഈടാക്കിയ തീയതി എന്നിവ രേഖപ്പെടുത്തേണ്ടതും തുക ഈടാക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതുമാണ്. കൂടാതെ രസീത് ബുക്കുകൾ ക്രമമായി ഉപയോഗിക്കുന്നതിനും ഒരു രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിച്ചതിന് ശേഷം മാത്രം മറ്റൊരു രസീത് ബുക്ക് ഉപയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. സെക്രട്ടറി, ഭരണസമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

### 2-2 വസ്തു നികുതി - ഗണ്യമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഗണ്യമായ തുക വസ്തു നികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. തൻവർഷത്തെ കുടിശ്ശികയിനത്തിൽ ₹658956/-യും മുൻ വർഷത്തെ കുടിശ്ശികയിനത്തിൽ ₹1579657/-യും അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് വർഷം വരെ ഗണ്യമായ തുക കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു (2018-19 വർഷത്തെ സഞ്ചയ അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം).

| ക്രമ നം | കുടിശ്ശികക്കാരന്റെ പേര് | വാർഡ് | കെട്ടിട നമ്പർ | കുടിശ്ശിക ഡിമാന്റ്. (2017-18 വരെ) |
|---|---|---|---|---|
| 1 | റിലയൻസ് ടെലികോം ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ് | 12 | 363 A | 15750.00 |

| | | | | |
|---|---|---|---|---|
| 2 | സുധാ ആന്റണി | 12 | 77 C | 3835.00 |
| 3 | വർക്കി പുളുർ | 1 | 184 | 4200.00 |
| 4 | ബീനാ ജോസഫ് | 1 | 196 C | 3118.00 |
| 5 | പ്രവീൺ സത്യധരൻ | 11 | 391 – 402 | 210311.00 |
| 6 | സൂപ്രണ്ട് പീരുമേട് എസ്റ്റേറ്റ് | 11 | 8-286 | 107057.00 |
| 7 | സൂര്യോദയ ആർട്സ് ക്ലബ് | 8 | 54 | 4032.00 |
| 8 | റോയിച്ചൻ പുളുർ | 8 | 536 | 3402.00 |
| 9 | ഡാനിയേൽ ജോസഫ് | 10 | 12 | 8400.00 |
| 10 | കെ പി ശശി | 10 | 148-149 | 6060.00 |
| 11 | സൂപ്രണ്ട് പീരുമേട് എസ്റ്റേറ്റ് | 10 | 114-311 | 87176.00 |
| 12 | ഷിജു ജോസഫ് | 5 | 371 A1 | 12760.00 |
| 13 | ഷിലേഷ് ജോസഫ് | 5 | 156-157 | 20420.00 |
| 14 | ജോസഫ് ലക്ഷമണൻ | 17 | 488 | 4410.00 |
| 15 | സൂപ്രണ്ട് പീരുമേട് എസ്റ്റേറ്റ് | 16 | 113-16, 147-149, 153-172, 268-563 | 85432.00 |
| 16 | പീരുമേട് റ്റി കമ്പനി | 13 | 1-202 | 197435.00 |
| 17 | ബി എസ് എൻ എൽ | 7 | 409 A | 31500.00 |
| 18 | എൻ ചെല്ലപ്പൻ | 6 | 561-564 | 9930.00 |

കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.2) മറുപടിയിൽ കുടിശ്ശിക പ്രധാനമായും 2000-ൽ ലോക്കൌട്ട് ചെയ്ത് പോയ പീരുമേട് റ്റീ കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഫാക്ടറികളുടെയും ലയങ്ങളുടെയും (തൊഴിലാളികളുടെ വീടുകൾ) ആണെന്ന് വ്യക്തമാക്കി. കമ്പനി ലോക്കൗട്ട് ചെയ്തതിനാൽ ഡിമാന്റ് നോട്ടീസ് നൽകാനോ മറ്റ് നടപടികൾ സ്വീകരിക്കുന്നതിനോ സാധിക്കുകയില്ലായെന്നും ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പീരുമേട് റ്റീ കമ്പനിയുടെ കുടിശ്ശിക സംബന്ധിച്ച തുടർ നടപടികൾ സർക്കാരിന്റെയും മറ്റ് മേൽ ഓഫീസുകളുടെയും നിർദേശത്തിനനുസൃതമായി തീർപ്പാക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അവശേഷിക്കുന്ന വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 203(15), 209ഇ വകുപ്പുകൾ പ്രകാരം പിഴപ്പലിശ സഹിതം വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ സഞ്ചയ, സാംഖ്യ എന്നിവ പ്രകാരം വസ്തുനികുതി കുടിശ്ശികയിനത്തിൽ താഴെ വ്യക്തമാക്കുന്ന പ്രകാരമുള്ള വ്യത്യാസമുണ്ട്.

| | |
|---|---|
| വാർഷിക കണക്കുകൾ പ്രകാരം 2017-18 കുടിശ്ശിക | 2238613.00 |
| സഞ്ചയ പ്രകാരം 2017-18 വർഷത്തെ കുടിശ്ശിക | 1709807.00 |

വാർഷിക കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പ്രകാരമുള്ള കണക്കുകൾ ക്രമീകരിക്കുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതാണ്.

## 2-3 പഞ്ചായത്ത് വക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല - വരുമാനം നഷ്ടമാകുന്നു.

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ 2017-18 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല. വാടകയ്ക്ക് നൽകിയിരിക്കുന്ന 47 കെട്ടിടങ്ങളുടെ വിശദാംശംങ്ങൾ പരിശോധിച്ചതിൽ 18 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വ്യാപാരം ചെയ്യുന്ന സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടത്തിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നല്കിയിരിക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

കൂടാതെ വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരം 736 കെട്ടിടങ്ങൾ വാണിജ്യ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഡി & ലൈസൻസ് രജിസ്റ്റർ പ്രകാരം 202 സ്ഥാപനങ്ങൾ മാത്രമാണ് 2017-18 വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വസ്തു നികുതി അസ്സസ് മെന്റ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ കൂടി അടിസ്ഥാനമാക്കി ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും സ്ഥാപനങ്ങൾ നിയമപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കുന്നില്ല - വരുമാനം നഷ്ടമാകുന്നു.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തിൽ നികുതി ഈടാക്കിയിട്ടില്ല.

1. മലനാട് മിൽക്ക് പ്രോഡ്യൂസേഴ്സ് സൊസൈറ്റി, മത്തായിപ്പാറ
2. റിസോർട്ട് - ജേക്കബ് കുര്യൻ, പുളിങ്കട്ട
3. മലനാട് മിൽക്ക് പ്രോഡ്യൂസേഴ്സ് സൊസൈറ്റി, മാട്ടുത്താവളം
4. മലനാട് മിൽക്ക് പ്രോഡ്യൂസേഴ്സ് സൊസൈറ്റി, മേച്ചേരിക്കട
5. മലനാട് മിൽക്ക് പ്രോഡ്യൂസേഴ്സ് സൊസൈറ്റി, കോതപാറ
6. കള്ള് ഷാപ്പ്, ഉപ്പുതറ
7. കള്ള് ഷാപ്പ്, പൊരികണ്ണി.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വാടക -കുടിശ്ശിക ഡിമാന്റ് പുനക്രമീകരിച്ചു.

2017-18 ധനകാര്യപത്രികയുടെ I-18 ഷെഡ്യൂൾ പ്രകാരം വാടക കുടിശ്ശിക ഡിമാന്റിൽ നിന്നു ₹27439/- കുറവ് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3) മറുപടി നൽകിയില്ല. കുടിശ്ശിക ഡിമാന്റ് ക്രമീകരിച്ചതിൽ അവ്യക്തതയുള്ളതിനാൽ കുറവ് ചെയ്യാനുണ്ടായ സാഹചര്യം രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

## 2-6 വസ്തുനികുതി ഡിമാന്റ് പുനക്രമീകരിച്ചു.

2017-18 ധനകാര്യപത്രികയുടെ I-18 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി താഴെ വ്യക്തമാക്കുന്ന പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

| ഇനം | തുക |
|---|---|

| | |
|---|---|
| പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ് | 321702 |
| പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ റസിഡൻഷ്യൽ ബിൽഡിംഗ് | 219536 |

കുടിശ്ശിക ഡിമാന്റ് ക്രമീകരിച്ചതിൽ അവ്യക്തതയുള്ളതിനാൽ കുറവ് ചെയ്യാനുണ്ടായ സാഹചര്യം രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വനിതകൾക്ക് കറവപ്പശുവിന് സബ്സിഡി – അപാകതകൾ - നിരാകരണം-24000/-, തടസം - 3906000/-

| | |
|---|---|
| പദ്ധതി-1 | വനിതകൾക്ക് കറവപ്പശുവിന് സബ്സിഡി (8/18) |
| അടങ്കൽ | 2880000/- |
| ചെലവ് | ബിൽ നം. 2/17-18/11.07.2017 ₹790000/-<br>ബിൽ നം. 3/17-18/11.09.2017 ₹800000/-<br>ബിൽ നം. 4/17-18/30.10.2017 ₹400000/-<br>ബിൽ നം. 5/17-18/30.10.2017 ₹410000/-<br>ബിൽ നം. 7/17-18/08.02.2018 ₹170000/-<br>ബിൽ നം. 10/17-18/16.3.2018 ₹310000/-<br>ആകെ<br>₹2880000/- |
| പദ്ധതി-2 | വനിതകൾക്ക് കറവപ്പശുവിന് സബ്സിഡി രണ്ടാം ഘട്ടം(369/18) |
| അടങ്കൽ | 1050000/- |
| ചെലവ് | ബിൽ നം. 9/17-18/16.03.2018 ₹290000/-<br>ബിൽ നം. 11/17-18/28.3.2018 ₹760000/-<br>ആകെ<br>₹1050000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പഞ്ചായത്തിലെ വനിതകളുടെ ഉന്നമനത്തിനായി നടപ്പാക്കിയതാണ് മേൽ പരാമർശിച്ച രണ്ട് പദ്ധതികൾ. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 2017-18 സബ്സിഡി മാർഗ്ഗരേഖപ്രകാരം (സ.ഉ.(സാധാ)80/2017/ തസ്വഭവ തീയതി 03.04.2017), പർച്ചേഴ്സ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽനിന്ന് 5 പേർ ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. അപ്രകാരം സമിതി രൂപീകരിച്ചിട്ടില്ല.
2. ജില്ലാതലത്തിൽ നിശ്ചയിച്ചിരിക്കുന്ന വില പരിഗണിച്ചല്ല കറവപ്പശുക്കളെ വാങ്ങിയിരിക്കുന്നത്. ഗുണഭോക്താക്കൾ സ്വന്ത ഇഷ്ടപ്രകാരമാണ് വാങ്ങൽ നടത്തിയിരിക്കുന്നത് .
3. ഉരുക്കളുടെ പ്രായം ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതിന്റെ രേഖകളില്ല.
4. പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ വിവരങ്ങളില്ല.
5. കറവപ്പശുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് ഗുണഭോക്താവ് കരാർ വയ്ക്കേണ്ടതാണ്. എന്നാൽ ഇത്തരം കരാർ ഫയലിലില്ല.
6. ഒരേ കുടുംബത്തിലെ അംഗങ്ങൾ തന്നെ പശുക്കളെ കൈമാറ്റം ചെയ്തതായി രേഖയുണ്ടാക്കി അനധികൃതമായി

സബ്സിഡി കൈപ്പറ്റിയിരിക്കുന്നു. ഇത്തരത്തിൽ അനധികൃതമായി നൽകിയ ₹20000/- യുടെ ചെലവ് അംഗീകരിക്കുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിൽപ്പന നടത്തിയയാളുടെ പേര് | റിമാർക്ക്സ്. |
|---|---|---|---|
| 1 | ത്രേസ്യാമ്മ തോമസ്, ആലനോലിക്കൽ, കോതപ്പാറ | ബിബിൻ തോമസ്, ആലനോലിക്കൽ, കോതപ്പാറ | റേഷൻകാർഡ് പ്രകാരം ഒരേ കുടുംബത്തിലെ അംഗമാണ്. |
| 2 | ജഗദമ്മ സുകുമാരൻ, ചെറുശ്ശേരിതടത്തിൽ, മാട്ടുത്താവളം. | സംഗീത സിജു, W/O സിജു സി. എസ്., ചെറുശ്ശേരിതടത്തിൽ, മാട്ടുത്താവളം | റേഷൻകാർഡ് പ്രകാരം സിജു ഗുണഭോക്താവിന്റെ മകനാണ്. |

1. ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ അക്കൗണ്ടിലേയ്ക്ക് ആണ് സബ്സിഡി നൽകേണ്ടത്. എന്നാൽ പശുവിനെ വാങ്ങിയ ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേയ്ക്കാണ് പണം കൈമാറിയിരിക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ അക്കൗണ്ട് നം. | വിൽപ്പന നടത്തിയ ആളുടെ പേര്/ അക്കൗണ്ട് നം. | ഫണ്ട് ട്രാൻസ്ഫർ ചെയ്ത അക്കൗണ്ട് നം |
|---|---|---|---|
| 1 | ലീലാമ്മ ദേവസ്യ, കല്ലറക്കൽ വീട് 67090558991 | ജോർജ്ജ്കുട്ടി, കെ., കല്ലറക്കൽ വീട്, അക്കൗണ്ട് നം.67093558991 എസ്.ബി.ഐ | 67090558991 |
| 2 | ത്രേസ്യാമ്മ തോമസ്, ആലനോലിക്കൽ, കോതപ്പാറ 40391101023859 | ബിബിൻ തോമസ്, ആലനോലിക്കൽ, 40391101014356 കേരള ഗ്രാമീൺ ബാങ്ക് | 40391101023859 |

1. സബ്സിഡി തുക ട്രാൻസ്ഫർ ചെയ്തതിന് ട്രഷറിയിൽ നിന്നുള്ള രേഖകൾ ലഭ്യമല്ല.
2. കറവപ്പശുവിനെ വാങ്ങുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിതെങ്കിലും സാറാമ്മ ബേബി കളരിക്കൽ എന്നയാൾ പശുക്കിടാവിനെയാണ് ₹12000/- നൽകി വാങ്ങിയിരിക്കുന്നത്. ഇതിന് കാരണം വ്യക്തമല്ല. പദ്ധതി വിഭാവനം ചെയ്തതിൽ നിന്ന് വിരുദ്ധമായി നടപ്പാക്കിയത് ക്രമവിരുദ്ധമാണ്.
3. സാറാമ്മ ബേബി കളരിക്കൽ എന്നയാൾ ₹12000/- യാണ് നൽകി വാങ്ങൽ നടത്തിയിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖപ്രകാരം കറവപ്പശുവിനെ വാങ്ങുന്നതിന് 50% സബ്സിഡിയാണ് അനുവദിച്ചിരിക്കുന്നത്. അതിൻപ്രകാരം ₹6000/- യാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ ₹10000/- യാണ് നൽകിയിരിക്കുന്നത്. അധികം നൽകിയ ₹4000/- തിരിച്ചടയ്ക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ നിന്ന് തന്നെ ആണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. ആയതിനാൽ ഈ പദ്ധതി പ്രകാരം പാലുൽപാദനം കൂടിയതായി പറയാൻ കഴിയില്ല. രണ്ട് കക്ഷികൾ ചേർന്നുണ്ടാക്കിയ വില ചീട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം ഗുണഭോക്താക്കൾക്ക് ₹10000/- വീതം സബ്സിഡി കൈമാറ്റം നടത്തിയതിൻെ രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അനധികൃതമായി നൽകിയ ₹24000/-യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ഈ പദ്ധതികൾക്കായി ആകെ ചെലവഴിച്ച ₹3930000/-യിൽ നിരാകരിച്ചതൊഴികെയുള്ള ₹3906000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വിവധ അംഗൻവാടികൾ,മുത്തൻപടി സാംസ്കാരിക നിലയം വയറിംഗ് - ശരിയായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതുമൂലം അധിക തുക നൽകിയിരിക്കുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 2/718 |
| അടങ്കൽ | 450000 |
| ബിൽനം | 30/17-18 തീ. 31.03.18 ₹97322/- |

10,13,27,36,07,31 എന്നീ നമ്പരുകളിലുള്ള 6 അംഗണവാടികളുടെയും, മുത്തൻപടി സാംസ്കാരിക നിലയത്തിന്റേയും ഇലക്ട്രിഫിക്കേഷനായി ആവിഷ്കരിച്ച പദ്ധതിയാണിത്.

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ. (ആർ.ടി) നം. 2878/2015/തസ്വഭവ ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവർത്തികളുടെ മേൽ നോട്ടം വഹിക്കുന്നതിനുമായി പി.ഡബ്ല്യൂ.ഡി, കെ.എസ്.ഇ.ബി എന്നിവടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ പാനൽ എൽ. എസ്.ജി.ഡി എക്സി.എഞ്ചിനീയർ തയ്യാറാക്കേണ്ടതും ഈ പാനലിൽ നിന്ന് ഒരാളുമായി തദ്ദേശസ്വയംഭരണ സ്ഥാപനം എഗ്രിമെന്റ് തയ്യാറാക്കേണ്ടതുമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവയെല്ലാം പ്രസ്തുത എഞ്ചിനീയറുടെ ചുമതലയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരാളെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ എം.ആർ.ഉദയഭാനു എന്ന DLTC മെമ്പറാണ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവെടുക്കുകയും ചെയ്തിരിക്കുന്നത്.
2. എസ്റ്റിമേറ്റുകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കുന്നതിന് പകരം 7 കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷനുള്ള എസ്റ്റിമേറ്റ് ഒരുമിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ എസ്റ്റിമേറ്റിൽ നിന്നോ , അളവ് ബുക്കിൽ നിന്നോ ഏതൊക്കെ പ്രവൃത്തികൾ ഏതൊക്കെ കെട്ടിടങ്ങളിൽ നടത്തിയിരിക്കുന്നു എന്ന് തിരിച്ചറിയാനാവില്ല.
3. മേൽ പ്രവർത്തിയുടെ D L T C E മെമ്പർ ശ്രീ.എം.ആർ.ഉദയഭാനു തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ എസ്റ്റിമേറ്റ് തുക ₹277593.90/- ആയിരുന്നു. എന്നാൽ അളവ് ബുക്ക് പ്രകാരം ആകെ പ്രവർത്തിമൂല്യം ₹86220/- മാത്രമാണ്. ₹86220/- യുടെ പ്രവർത്തി നടത്തുന്നതിനായി കെട്ടിടങ്ങൾ പരിശോധന നടത്താതെ ₹277593.90/-യുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതു മൂലം എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർ വിഷൻ ചാർജ്ജ്, അളവെടുപ്പ് എന്നിവയയ്ക്കായി അധിക തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| എസ്റ്റിമേറ്റ് തയ്യാറാക്കൽ സൂപ്പർ വിഷൻ ചാർജ് അളവ് ബുക്ക് തയ്യാറാക്കൽ (എസ്റ്റിമേറ്റ് തുകയുടെ 3%) | 8327 | 2587 | 5740 |
| ചെക്ക് മെഷർ (എസ്റ്റിമേറ്റ് തുകയുടെ 1%) | 2775 | 862 | 1913 |
| ആകെ | | | 7653 |

അധികം നൽകിയ ₹7653/- തുക കൈപ്പറ്റിയ D L T C E മെമ്പർ ശ്രീ.എം.ആർ.ഉദയഭാനുവിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ലാത്ത ചെലവ് നടത്തിയിരിക്കുന്നു

വൗച്ചർ നം.21701423 തീ27.3.2018, തുക -₹10000

ചെക്ക് നം.762957തീ.27.3.2018

പശുപ്പാറ മുതൽ പുതുക്കട വരെയുള്ള കാട് വെട്ടിമാറ്റിയതിന് 9-ാം വാർഡ് മെമ്പറായ ശ്രീ.കെ.സത്യനാണ് പ്രസ്തുത തുക നൽകിയത്.23.12.2017 ലെ 11/ 1-ാം നമ്പർ തീരുമാനം താഴെ ചേർക്കും പ്രകാരമാണ്." പശുപ്പാറ മുതൽ പുതുക്കടവരെയുള്ള റോഡിന്റെ സൈഡിൽ അപകട ഭീഷണിയിൽ നിൽക്കുന്ന കാട് വെട്ടിമാറ്റേണ്ടത് അത്യാവശ്യമാണെങ്കിലും കൂടുതൽ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിയ്ക്കാൻ ഫണ്ടിന്റെ പരിമിതി അനുവദിക്കുന്നില്ലാത്ത കാര്യം കമ്മിറ്റി അംഗീകരിച്ചു. പൊതുജന പങ്കാളിത്തത്തോടെ ശ്രമദാനമായി പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച് ആലോചിയ്ക്കാൻ പ്രദേശത്തെ വാർഡ് മെമ്പറോട് നിർദ്ദേശിച്ചു. ഇപ്രകാരം പ്രവൃത്തി നടത്തിയാൽ ഗ്രാമപഞ്ചായത്തിൽ നിന്നും കോംപ്ലിമെന്ററിയായി ചെറിയ തുക അനുവദിക്കുന്നത് സംബന്ധിച്ച് അപ്പോൾ ആലോചിക്കാവുന്നതാണെന്നും ചർച്ച ചെയ്ത് അംഗീകരിച്ചു". ഇപ്രകാരം ശ്രമദാനമായി പ്രവൃത്തിനടത്തിയതായി കാണുന്നില്ല. ഇപ്രകാരം നടത്തിയാൽ തുക നൽകാമെന്നുള്ള കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായിട്ടാണ് തുക ചെലവഴിച്ചിരിക്കുന്നത്. പണം അനുവദിച്ച് നൽകുന്നതിന് കമ്മറ്റി തീരുമാനം എടുത്തിരുന്നില്ല. പ്രസ്തുത വാർഡിൽ വാർഡ് ക്ലീനിംഗിന്റെ ഭാഗമായി 30.8.2017 ൽ ₹10,000/- ശുചിത്വമിഷന്റെ ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം.21700486 തീ.30.8.2017, ചെക്ക് നം.758268 തീ30.8.17). ഇപ്രകാരം ഇതുകൂടാതെയാണ് 27.03.2018 ൽ വീണ്ടും തുക ചെലവഴിച്ചിരിക്കുന്നത്. കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി തുക ചെലവഴിച്ചത് അംഗീകരിക്കാനാവില്ല. ചെലവഴിച്ച ₹10,000/- വാർഡ് മെമ്പറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 പകർച്ച വ്യാധിനിയന്ത്രണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി നം. S0 138/18

ബിൽ നം. 7/18 തീ. 28.3.18 തുക ₹50027/-

തൻവർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പകർച്ചവ്യാധി നിയന്ത്രണം എന്ന പദ്ധതിയ്ക്കായി ₹50027/- ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മേൽതുക നോട്ടീസ് പ്രിന്റിംഗ്, ചുവരെഴുത്ത്, മൈക്ക് വാടക, വാഹനവാടക എന്നിവയ്ക്കാണ് ചെലവഴിച്ചിട്ടുള്ളത്. പകർച്ച വ്യാധി നിയന്ത്രിക്കാൻ പ്രതിരോധമരുന്ന് വിതരണം പോലെയുള്ള ഫലപ്രദമായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. പദ്ധതികൾ ആവിഷ്കരിച്ച് പ്രയോജനപ്രദമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അംഗൻവാടി പോഷകാഹാരം-ഭക്ഷ്യധാന്യങ്ങൾ കൂടിയനിരക്കിൽവാങ്ങിയത്

പദ്ധതി നം. S0009/18

നിർവ്വഹണം-ഐ.സി.ഡി.എസ്., സൂപ്പർവൈസർ

| ബിൽ നം/തീ. | തുക |
|---|---|
| 2/18-/23/8/17 | 400215/- |

| | |
|---|---|
| 4/18-/23-8-17 | 603885/- |
| 5/18-23/8/17 | 44823/- |
| 6/18/-23-8-17 | 56431/- |
| 12/18-/26-2-18 | 315789/ |
| 11/18-17-1-18 | 1211793/ |
| ആകെ | 2632936/- |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി പോഷകാഹാരം എന്ന പദ്ധതിയ്ക്കായി മേൽതുക ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നം 34574/ഡി.ഡി2/10/ത.സ്വ.ഭ.വ തി.14-12-2011പ്രകാരം അംഗൻവാടികൾക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ മാവേലിസ്റ്റോർ, നീതിസ്റ്റോർ, സഹകരണസംഘങ്ങൾ, പൊതുവിതരണകേന്ദ്രങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് വാങ്ങാവുന്നതാണ്. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിതരണകേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ്, ഇവയിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി/സഹകരണ സ്റ്റോറുകളിൽ നിന്ന് വാങ്ങാൻ പാടുള്ളൂ എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിലയിൽ താരതമ്യം നടത്താതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. കൂടാതെ മേൽ ഉത്തരവ് പ്രകാരം കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങൽ നടത്താവുന്നതാണ്. കുടുംബശ്രീയുടെ ഓജസ് ന്യൂട്രിമെക്സ് യൂണിറ്റിൽ നിന്നും കുറഞ്ഞ വിലയിൽ ഗുണനിലവാരമുള്ള സാധനങ്ങൾ വാങ്ങുകയും പിന്നീട് ഈ സ്ഥാപനത്തെ ഒഴിവാക്കിയിട്ട് കൂടിയ വിലയ്ക്ക് എസ്.സി.ബി ഉപ്പുതറയിൽ നിന്നും വാങ്ങൽ നടത്തുകയും ചെയ്തിരിക്കുന്നു. SCB ഉപ്പുതറയിൽ നിന്ന് ഉയർന്ന വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതിന്റെ വിശദാംശം താഴെ.

| വാങ്ങിയ ഇനം | ന്യൂട്രിമെക്സ് യൂണിറ്റിലെ വില | SCB യിലെ വില |
|---|---|---|
| റാഗി 1kg | 55 | 67 |
| ശർക്കര1kg | 60 | 79 |

ഗുണനിലവാരം ഉറപ്പാക്കി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായും പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യം മാത്രം പരിഗണിച്ചും പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഭവനനിർമ്മാണപദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി ഭവനനിർമ്മാണം, എസ്.റ്റി. ഭവനനിർമ്മാണം എന്നിവയിൽ ഗുണഭോക്താക്കൾ ഏതാനും ഗഡു തുക കൈപ്പറ്റിയതിനുശേഷം ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. എസ്.സി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ₹300000/-യും, എസ്.റ്റി. ഗുണഭോക്താക്കൾക്ക് ₹350,000/-യുമാണ് ധനസഹായം നൽകാൻ പ്രോജക്ടിൽ വിഭാവനം ചെയ്തത്. 2018-19 സാമ്പത്തിക വർഷം ടി ഗുണഭോക്താക്കളെ ഭവനനിർമ്മാണ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത

ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം.,<br>പേര് | ഗുണഭോക്താവിന്റെ<br>പേര് | കൈപ്പറ്റിയ തുക/<br>തീയതി |
|---|---|---|
| എസ്.റ്റി.കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം<br>SO156/17-18 | ലീലാമ്മ രാഘവൻ<br>അറയ്ക്കൽ,<br>മത്തായിപ്പാറ | 35000(1-ാംഗഡു)<br>105000(2-ാംഗഡു)16.6.17 |
| | സുരേഷ്.കെ.എസ്<br>കുറുമ്പനക്കൽ ,<br>കുമരികുളം | 35000(1-ാംഗഡു)24.8.2017<br>105000(2-ാംഗഡു)27.9.2017<br>105000(3-ാംഗഡു)30.10.17<br>70,000(4-ാംഗഡു)24.3.2018 |
| | സജിമോൻ.കെ.പി<br>കോയിൽവര<br>മത്തായിപ്പാറ | 35000(1-ാംഗഡു)13.3.17<br>105000(2-ാംഗഡു)14.11.17 |
| എസ്.റ്റി.കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം SO157/18 | ലിജോ.എം.എസ്.<br>മുണ്ടപ്ലാക്കൽ<br>മത്തായിപ്പാറ | 60,000(1-ാഗഡു)16.11.16<br>80,000(2-ാംഗഡു)29.6.17<br>105000(3-ാംഗഡു)21.8.17 |
| എസ്.സി.കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം<br>SO155/17-18 | കുഞ്ഞുമോൻ.ഇ.ബി<br>ഇടംപാടം,പശുപാറ,<br>പുതുവൽ റോഡ് | 30,000(1-ാംഗഡു)17.2.17<br>90,000(2-ഗഡു)23.3.17<br>90,000(3-ാംഗഡു)15.6.17<br>60,000(4-ാംഗഡു)16.8.17 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ തുടർപ്രവർത്തനം നടത്തി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്താൻ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-7 മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -ഭരണചെലവുകൾക്ക് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

26.8.2017ലെ സ.ഉ.(സാധാ) 2941/2017/ത.സ്വ.ഭ.വ.ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത തുക കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് തിരികെ നിക്ഷേപിച്ച് ക്രമീകരിക്കുന്നതിനും ഉത്തരവായിരുന്നു. 2017-18 സാമ്പത്തിക വർഷം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾ നടത്തുന്നതിനായി ₹653000/- തനത് /ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. തൻവർഷം ₹539000/- ഗ്രാമപഞ്ചായത്തിന് കേന്ദ്ര ഫണ്ടിൽ നിന്നും ലഭിച്ചിട്ടുണ്ട്. ₹114,000/- ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

## 3-8 എസ്. എസ്.എ ഡിമാന്റ് നോട്ടീസ് ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| പ്രോജക്റ്റ് നം | 2/18 |
| അടങ്കൽ | 901277 |
| ബിൽനം | 4/17-18 തീ. 30.06.17 ₹901277/- |

മേൽ ബിൽ പ്രകാരം പ്രോജക്റ്റ് ഡയറക്ടർക്ക് ₹99277/- അനുവദിച്ചിരിക്കുന്നു. എന്നാൽ വിശദമായ ഡിമാന്റ് നോട്ടീസ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. ആയതിനാൽ ഈ ഇനത്തിലെ ₹901277/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ -ഇൻസ്റ്റാൾ ചെയ്തില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്റ്റ് നം | 26/18 |
| അടങ്കൽ | 350000 |
| ബിൽനം | 31/17-18 തീ. 31.03.18 ₹305000/- |

പദ്ധതിപ്രകാരം 10 KVA ഡീസൽ ജനറേറ്റർ ടെണ്ടർ നടപടിയിലൂടെ വാങ്ങിയിരിക്കുന്നു. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി നടത്തിപ്പിന് മുൻപ് വ്യക്തമായ മുന്നൊരുക്കങ്ങൾ നടത്തിയില്ല. വൈദഗ്ധ്യവും യോഗ്യതയുമുള്ള അധികാരി തയ്യാറാക്കിയ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിലല്ല വാങ്ങേണ്ട സാധനത്തിന്റെ സ്പെസിഫിക്കേഷൻ തീരുമാനിച്ചത്. ഉപകരണത്തിന്റെ ഇൻസ്റ്റലേഷൻ ചാർജ് ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് പദ്ധതി വിഭാവനം ചെയ്തത്. ആയതിനാൽ അംഗീകാരം ലഭിച്ച പദ്ധതിയിലും ക്ഷണിച്ച ടെണ്ടറിലും പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ എന്നുമാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഇൻസ്റ്റലേഷൻ നടത്തുന്നതു സംബന്ധിച്ച വിവരങ്ങൾ ഈ രണ്ട് രേഖകളിലും ഉൾപ്പെടുന്നില്ല. ലഭിച്ച രണ്ട് ടെണ്ടറുകളിൽ 'ഹോറിസൺ പട്ടണക്കാട്'' സമർപ്പിച്ച ടെണ്ടറിൽ supply, testing&commissioning of 10 KVA Mahindra Diesel Generator എന്നതിന് ₹338916/- ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ കുറഞ്ഞ തുക എന്ന പരിഗണന മാത്രം നൽകി Kirloskar 10 KVA diesel generator set. എന്ന് രേഖപ്പെടുത്തിയ മാളു ഇലക്ട്രിക്കൽസ് ഉപ്പുതറ സമർപ്പിച്ച ₹305000/- ന്റെ ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തുകയും മേൽ ബില്ല് പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു. വാങ്ങിയ ജനറേറ്റർ പ്രവർത്തിപ്പിച്ച് നോക്കുകയോ ഇൻസ്റ്റാൾ ചെയ്യുകയോ ചെയ്തിട്ടില്ല. ഹോറിസൺ പട്ടണക്കാടിന്റെ ടെണ്ടറിൽ ഉൾപ്പെടുന്ന testing&commissioning എന്ന ഭാഗം പരിഗണിക്കാതെ വാങ്ങൽ നടത്തയതിനാൽ ഈ ഭാഗം ചെയ്യുന്നതിനായി വീണ്ടും പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. 2018-19 വർഷം ഇൻസ്റ്റലേഷൻ നടത്തുന്നതിനായി ₹100000/- വകയിരുത്തിയിരിക്കുന്നു.

2. വാങ്ങിയ സാധനം ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് എന്നതല്ലാതെ ഇതുസംബന്ധിച്ച ഗ്യാരണ്ടി/വാറണ്ടി സംബന്ധിച്ച രേഖകളൊന്നും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വാങ്ങിയ സാധനം പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിക്കുക പോലും ചെയ്തിട്ടില്ല.

3. ജനറേറ്റർ വാങ്ങിയതിന്റെ ബില്ല് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജനറേറ്ററിന്റെ യഥാർത്ഥ വില എത്ര എന്ന് ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

ശരിയായ പഠനം നടത്താതെ വാങ്ങൽ നടപടി മാത്രം നടത്തിയതിനാൽ പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടായിരിക്കുന്നു.പഞ്ചായത്തുമായി ബന്ധപ്പെട്ട വാങ്ങൽ നടത്തുമ്പോൾ 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള

സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ നടപടി ക്രമങ്ങൾ' ശരിയായ രീതിയിൽ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 1100000 | പ്ലസ് 1 മുതലുള്ള എസ്.സി കുട്ടികൾക്ക് പഠനമുറി | 0.00 | 1100000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹600000/- വരവുണ്ട്. ₹600000/-യും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തെ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | ലഭ്യമല്ല. | 17000000 | 14900000 | 600000 | 1800000 | 932967 | 13700000 |
| ഇം.എം.എസ് ഭവന നിർമ്മാണ പദ്ധതി | ജി.ഒ-229/10/ എൽ.എസ്.ജി.ഡി തീയതി | 24975000 | 7900366 | 0 | 2500000 | 0 | 5400366 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3(3) | 2009-10 | 2(8) | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹ 314800/- | തുടരുന്നു. |
| 2014-15 | 2-9 | 2016-17 | അനുബന്ധം 3 | വസ്തുനികുതി അപാകതകൾ | തുടരുന്നു. |
| 2015-16 | 2-10 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 21എ | കെ.എൻ അശോകൻ-സെക്രട്ടറി | LF.7513/ SplCell/ SC2/02 dt.1.3.2003 | 110 | - | - | - | - | - | 110 | - |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്ക വറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവ ഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2000-01 | 29 | കെ.എൻ അശോകൻ-സെക്രട്ടറി | LF.20351/ SplCell/SC2/04 dt.30.11.05 | 2056 | - | - | - | - | - | 2056 | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 2003-04 | 3-6 | ചന്ദ്രശേഖരൻ, എ.ഇ | LF-9186 Spl.Cell/ SC2/2007 dated-17.2.10 | 8264 | - | - | - | - | - | 8264 | - |
| 3 | 2005-06 | 3-4, 3-5 | മുഹമ്മദ് കുഞ്ഞ് | LF21419 Spl.Cell/SC2/2009 dated-4.3.10 | 19376 | - | - | - | - | - | 19376 | - |
| 4 | 2010-11 | 3-8 | ദാനിയേൽ മാത്യു | LF-6984 Spl.Cell/SC2/2013 dated-13.3.14 | 14000 | - | - | - | - | - | 14000 | - |
| 5 | 2014-15 | 3-3 | ഡോ.ബി. രഘുനാഥ് വെറ്ററിനറി സർജൻ | LF-6984 Spl.Cell/SC2/2013 dated-13.3.14 | 17500 | - | - | - | - | - | 17500 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹119416936 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹125077891 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41653 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4807277 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 24000 | ശ്രീ ബി.രഘുനാഥൻ വെറ്ററിനറിസർജൻ |
| 3-2 | | 7653 | ശ്രീമതി രേഖാ എം.കെ സെക്രട്ടറി |
| 3-3 | | 10000 | ശ്രീമതി രേഖാ എം.കെ സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3906000 | ശ്രീ.ബി രഘുനാഥൻ വെറ്ററനറി സർജൻ |
| 3-8 | 901277 | ശ്രീമതി രേഖാ എം.കെ സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി രഘുനാഥൻ വെറ്ററനറി സർജൻ | - | ഓലിക്കൽ<br>കട്ടപ്പന സൗത്ത് പി ഒ<br>20 ഏക്കർ |
| ശ്രീമതി രേഖാ എം.കെ സെക്രട്ടറി | സെക്രട്ടറി<br>പാറത്തോട് ഗ്രാമപഞ്ചായത്ത് | വെട്ടിക്കാട്ട് വാര്യം (ചൈത്രം)<br>കുടമാളൂർ പി ഒ<br>കോട്ടയം |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളുടെ പേരും മേൽ വിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി രഘുനാഥൻ വെറ്ററനറി സർജൻ | | ഓലിക്കൽ<br>കട്ടപ്പന സൗത്ത് പി ഒ<br>20 ഏക്കർ |
| ശ്രീമതി രേഖാ എം.കെ സെക്രട്ടറി | സെക്രട്ടറി പാറത്തോട് ഗ്രാമപഞ്ചായത്ത് | വെട്ടിക്കാട്ട് വാര്യം (ചൈത്രം)<br>കുടമാളൂർ പി ഒ<br>കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1962-63-1977-78 | എൽ.എഫ്.ഐ-7/1196/90/02-01-91 | | |
| 1978-1979 | എൽ.എഫ്.ഐ-6/359/81/19-06-81 | | |
| 1979-80&<br>1980-81 | എൽ.എഫ്.ഐ-6/689/81/02-03-82 | | |
| 1981-1982 | എൽ.എഫ്.ഐ-6/164/84/27-07-84 | | |

| | | | |
|---|---|---|---|
| 1982-1983 | എൽ.എഫ്.ഐ-6/1102/84/10-06-85 | | |
| 1983-1984 | എൽ.എഫ്.ഐ-7/225/86/04-04-87 | | |
| 1984-1985 | എൽ.എഫ്.ഐ-7/543/88/31-03-88 | | |
| 1985-1986 | എൽ.എഫ്.ഐ-7/766/89/31-10-89 | | |
| 1986-1987 | എൽ.എഫ്.ഐ-7/982/91/06-01-92 | | |
| 1987-1988 | എൽ.എഫ്.ഐ-7/338/92/22-09-92 | | |
| 1988-89&1989-90 | എൽ.എഫ്.ഐ-7/436/93/03-12-93 | | |
| 1990-91&1991-92 | എൽ.എഫ്.ഐ-7/127/94/04-08-94 | | |
| 1992-93&1993-94 | എൽ.എഫ്.ഐ-7/157/95/04-07-95 | | |
| 1998-1999 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തി.27.4.2018 | 2 | 21 എ,ബി, 22 എ,ബി |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തി.27.4.2018 | 2 | 33,35 |
| 2000-2001 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തി.27.4.2018 | 2 | 18,29 |
| 2001-2002 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തി.27.4.2018 | 2 | 2-4,2-10 |
| 2003-2004 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തി.27.4.2018 | 3 | 2-1, 2-3, 3-6 |
| 2004-2005 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തി.27.4.2018 | 1 | 3-7 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തി.27.4.2018 | 3 | 3-3,3-4,3-5 |
| 2006-07 | എൽ.എഫ്.ഐ3/586/2014 തി.4.12.2014 | 7 | 2-2,2-3,2-4 എ,ബി,സി 3-1,3-2,3-3,3-4 |
| 2007-08 | എൽ.എഫ്.ഐ 113/2013 തി.11.5.2011 | 18 | 1-2,1-4,1-5,2-1എ, 2-2,2-4,2-5, 3-1,3-3,3-4,3-5, 3-6,3-7,3-8,3-9, 3-10,3-11,3-12 |
| 2008-09 | എൽ.എഫ്.ഐ-9/1548/2012 തി.10.1.2013 | 9 | 1-1,1-2,1-3, 2-1, 2-2,2-3എ, ബി, 2-4, 2-5, 3-1 |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ-9/1518/2018 തി.5.4.2017 | 6 | 1-1,1-2,1-3,2-1,2-2,3-1 |
| 2010-11 | എൽ.എഫ്.ഐ-9/519/2018 തി.5.5.2018 | 10 | 1-1,1-2(1,2,3,4),1-3, 1-4,1-5,3-4,3-5, 3-6,3-7,3-8 |
| 2011-12 | എൽ.എഫ്.ഐ-9/1435/2014 തി.3.2.2015 | 7 | 3-1,3-3,3-4,3-5, 3-6,3-7,3-8 |
| 2012-13 | എൽ.എഫ്.ഐ--9/1357/2014 തി.26.3.2015 | 6 | 2-1,2-2,3-1, 3-2,3-3,3-4 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ-9/488/2015 തി.20.6.2016 | 5 | 2-1,2-2,2-3, 3-1,3-2 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-14/1189/2016 തി.1.9.2016 | 15 | 2-52-8,2-9,2-10, 2-11,3-1,3-2, 3-3, 3-4,3-6, 3-7,3-8, 3-9,3-11,4-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-9/418/2017 തി.5.4.2017 | 14 | 1-12, 2-1, 2-2, 2-3, 2-4,2-5,3-1,3-2,3-4, 3-5,3-6,3-9,3-11,4-9 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-9/1314/2017 തി.3.10.2017 | 13 | 1-12,2-1,2-2,2-3, 3-1,3-2,3-3, 3-4,3-6,3-7,3-8, 3-9,4-9 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-9/60/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി:12.03.2019
PH:04862 227332
Email:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി